ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നമ്പർ.ഡി.ബി-3/6512/2013/സിഇ/തസ്വഭവ

തീയതി : 13.02.2014

## സർക്കുലർ

വിഷയം: തസ്വഭവ - CPWD & MoRTH സ്പെസിഫിക്കേഷൻ - തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രാവർത്തികമാക്കുന്നത് - സംബന്ധിച്ച്.

CPWD & MoRTH സ്പെസിഫിക്കേഷൻ തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് 07.02.2014-ൽ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 2014-15 വർഷത്തെ പ്രവൃത്തികൾക്കുള്ള അടങ്കലുകൾക്ക് CPWD, MoRTH , MoRD (PMGSY) സ്പെസിഫിക്കേഷൻ ഉപയോഗപ്പെടുത്തി നിരക്ക് തയ്യാറാക്കേണ്ടതാണ് എന്ന് തീരുമാനിച്ചിരിക്കുകയാണ്. മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനുകൾ, റേറ്റ് അനാലിസിസ് എന്നിവ വെബ്സൈറ്റിൽ ലഭ്യമായതിനാൽ ആയത് പ്രയോജനപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നതിനും ആയത് മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) 2014-15 വർഷത്തെ പദ്ധതികളുടെ എസ്റ്റിമേറ്റ് Manually തയ്യാറാക്കേണ്ടതാണ്.

(2) 2014-15 വർഷത്തെ പദ്ധതി പ്രവൃത്തികളിലെ കെട്ടിടനിർമ്മാണവും അനുബന്ധ പ്രവൃത്തികൾക്കും CPWD data [അതായത് Delhi Analysis of Rates (DAR) 2013(vol I & vol II) & Delhi Schedule of Rates(DSR) 2013] എന്നിവ ഉപയോഗിക്കേണ്ടതാണ്.

(3) CPWD data യിലെ chaper 16, MoRD സ്പെസിഫിക്കേഷൻ (used for PMGSY works) എന്നിവ വാഹനബാഹുല്യം കുറവായതും, വീതികുറഞ്ഞതുമായ ഗ്രാമീണ റോഡുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

(4) വാഹനഗതാഗതം കൂടിയ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെയും റോഡു പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ MoRTH സ്പെസിഫിക്കേഷൻ ഉപയോഗിക്കാവുന്നതാണ്.

CPWD data, DAR(vol I & vol II), MoRTH & MoRD സ്പെസിഫിക്കേഷൻ, DSR എന്നിവ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന്റെ മാർഗ്ഗരേഖ ഇതോടൊപ്പം ചേർക്കുന്നു.

ചീഫ് എഞ്ചിനീയർ

## CPWD ഡാറ്റാ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

1) 2014-15 വർഷത്തേക്കുള്ള എസ്റ്റിമേറ്റുകൾ Delhi Analysis of Rates (DAR Vol I, Vol –II), Delhi Schedule of Rates (DSR), CPWD Specification, Cost Index എന്നിവ ഉപയോഗിച്ച് ആയിരിക്കണം തയ്യാറാക്കേണ്ടത്.

2) DSR, DAR എന്നിവയുടെ 2013 പതിപ്പ് www.CPWD.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

3) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറായിട്ടില്ലാത്തതിനാൽ 2014-15 വർഷത്തേക്കുള്ള എസ്റ്റിമേറ്റുകൾ manually തയ്യാറാക്കേണ്ടതാണ്.

4) വിവിധയിനങ്ങൾക്കുള്ള ഡൽഹിയിലെ നിരക്ക് DAR ൽ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഓരോ മേഖലയിലെയും നിരക്ക് ലഭിക്കുന്നതിന് DAR ലെ നിരക്കിനെ Cost Index കൊണ്ട് ഗുണിച്ചാൽ മതിയാകുന്നതാണ്. CPWD തയ്യാറാക്കിയ Cost Index അനുബന്ധമായി ചേർക്കുന്നു. ഇത് കാലാകാലങ്ങളിൽ പുതുക്കപ്പെടുന്നതാണ്.

   ഉദാ:- തിരുവനന്തപുരത്തെ Cost Index 138 ആണ്. ഒരു പ്രത്യേക ഇനത്തിന്റെ ഡൽഹിയിലെ നിരക്ക് DAR ൽ നിന്ന് കണ്ടെത്തി 1.38 കൊണ്ട് ഗുണിച്ചാൽ ഇതേ ഇനത്തിന്റെ തിരുവനന്തപുരത്തെ നിരക്ക് ലഭിക്കുന്നതാണ്.

5) DAR – ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ഇനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന പക്ഷം observed data തയ്യാറാക്കാവുന്നതാണ്. ഇതിൽ DSR - ൽ ഉള്ള ഇനങ്ങൾക്ക് DSR നിരക്കും, അല്ലാത്തവയ്ക്ക് മാർക്കറ്റ് നിരക്കും നൽകാം. 1% water charge, 15% CPOH charge എന്നിവ നൽകിയ ശേഷം Cost Index കൊണ്ട് ഗുണിക്കുമ്പോൾ മാർക്കറ്റ് നിരക്ക് നൽകിയവയെ ഒഴിവാക്കണം.

6) കേരളത്തിൽ ലഭ്യമല്ലാത്ത നിർമ്മാണ വസ്തുക്കൾക്ക് പകരം പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിക്കുകയും മാർക്കറ്റ് നിരക്ക്, കടത്തുകൂലി എന്നിവ നൽകുകയും ചെയ്യാവുന്നതാണ്.

7) MoRTH Specification അനുയോജ്യമായ റോഡുകൾക്ക് (വീതി, വാഹനബാഹുല്യം, അടങ്കൽ തുക എന്നിവ കണക്കിലെടുക്കുമ്പോൾ) MoRTH data, Specification, DSR എന്നിവ ഉപയോഗിക്കാം. BM, BC പ്രവൃത്തി ഉൾപ്പെടുത്തുമ്പോൾ മുൻപരിചയമുള്ള കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8) വാഹനബാഹുല്യം കുറഞ്ഞ റോഡുകൾക്ക് DAR ലെ 16-ാം അദ്ധ്യായവും ആവശ്യമെങ്കിൽ MoRD Specification, DSR നിരക്കും Cost Index ഉം ഉപയോഗപ്പെടുത്താവുന്നതാണ്.

9) MoRTH Specification സ്വീകരിക്കുമ്പോൾ Hire charge ന് Cost Index ഒഴിവാക്കേണ്ടതാണ്.

10) DSR, DAR, MoRTH, MoRD, Cost Index, Hire charge എന്നിവയിൽ കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന മാറ്റങ്ങൾ/പുതുക്കലുകൾ എന്നിവ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബാധകമാക്കേണ്ടതാണ്.

11) കേരള പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ചായിരിക്കണം പ്രവൃത്തി നിർവ്വഹിക്കേണ്ടത്.

അനുബന്ധം:
1. Cost Index
2. മാതൃകാ എസ്റ്റിമേറ്റ്
3. മാതൃകാ ഡാറ്റ

ചീഫ് എൻജിനീയർ

[illegible]

Annexure : 1

| Sl..No | PLACES | Cost Index as on 01.04.2013 with respect to PAR 1.10.2012 with Base 100 |
|---|---|---|
| 1 | TRIVANDRUM | 138.00 |
| 2 | PATHANAMTHITTA | 135.00 |
| 3 | KOTTAYAM | 134.00 |
| 4 | KOLLAM | 135.00 |
| 5 | ALLEPPY | 138.00 |
| 6 | MUNNAR | 146.00 |
| 7 | THODUPUZHA, KOOTHATTUKULAM & MANIMALAKUNNU | 134.00 |
| 8 | IDUKKI & NEDUMKANDAM | 144.00 |
| 9 | ERNAKULAM | 136.00 |
| 10 | SAI PUNNAMADA | 148.00 |
| 11 | CALICUT | 127.00 |
| 12 | MAHE & BADAGARA | 127.00 |
| 13 | KANNUR | 127.00 |
| 14 | KASARAGOD | 126.00 |
| 15 | NADAPURAM | 128.00 |
| 16 | TRICHUR | 126.00 |
| 17 | PALAKKAD | 125.00 |
| 18 | MALAPPURAM | 126.00 |
| 19 | KALPETTA / WAYANAD | 128.00 |

Annexure: 2

Sample Estimate

| Sl No (A) | Item (B) | Quantity © | Unit (D) | Rate (E) | Rate @ TVM with cost index of 138 (F) F=E*1.38xC | Rate @ Kollam with cost index of 135 (F) F=E*1.35 |
|---|---|---|---|---|---|---|
| 1 | Item No: EW (*SH 4.1.8) | 10 | $m^3$ | 146.5 | 2,021.70 | 1,977.75 |
| 2 | Item No: CC 1:4:8 (SH 4.1.8) | 10 | $m^3$ | 3920.65 | 54,104.97 | 52,924.73 |
| 3 | Item No: CC 1:3:6 (SH 4.7.2) | 10 | $m^3$ | 7893.40 | 1,08,932.37 | 1,06,560.90 |
| 4 | Item No: Plastering (SH 13.1.1) | 10 | $m^2$ | 145.45 | 2,007.21 | 1,963.58 |
| | **Grand Total** | | | | 1,67,066.25 | 1,63,426.96 |

*SH 4.1.8- Sub Head 4.1.8 of Delhi Analysis of Rate (DAR)

Annexure: 3

CPWD - SAMPLE DATA (With Market Rate)

Providing wood work in frames of doors, windows, etc fixed in position : Anjili wood

Details of Cost for : 0.036 Cum

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | MATERIALS: | | | | |
| 9999 | Anjili Wood Scantling (MR)<br>Qty including 5% wasatage | 10 cum | 38.000 | 516.94 | 1964.37 |
| 2204 | Carraige of Timber (LS) (MR) | cum | 0.038 | 332.00 | 12.62 |
| | LABOUR: | | | | |
| 0156 | Carpenter (average) | Day | 0.72 | 450.00 | 324.00 |
| 0114 | Beldar | Day | 0.07 | 471.00 | 32.97 |
| | | | | Total: | 2333.96 |
| | | Add water charges @ 1% on | | 2333.96 | 23.34 |
| | | | | | 2357.30 |
| | | Add C.P & OH @15% on | | 2357.30 | 353.60 |
| | | | Cost for 0.036 Cum | | 2710.90 |

| | |
|---|---|
| Total of MR & Carriage | 1976.99 |
| Water charge @1% | + 19.77 |
| Total | 1996.76 |
| CP & OH @15% | 299.51 |
| Total | 2296.27 |
| Rate excluding MR (2710.90 - 2296.27) | 414.63 |
| Multiplying by cost index (1.38 for Tvpm) | 572.18 |
| Rate including MR (572.18 + 2296.27) | 2868.46 |

Rate for 1 cum = Rs. 79679.39 /cum